## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിയമസഭാ സാമാജികർക്കായി ഏകദിന ശില്പശാല

ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി അവിദഗ്ദ്ധ ജോലികൾ ചെയ്യുന്നതിനു സന്നദ്ധരായ ഗ്രാമീണ ജനങ്ങൾക്ക് പ്രതിവർഷം 100 ദിവസം ജോലി ഉറപ്പു നൽകുന്നതിനായി ഉദ്ദേശിച്ചു കൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് പരിണതപ്രജ്ഞരായ പ്രഗത്ഭമതികളെ ഉൾപ്പെടുത്തിക്കൊണ്ട് 2008 സെപ്റ്റംബർ 6-ാം തീയതി ശനിയാഴ്ച നിയമസഭാ കോംപ്ലക്സിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് നിയമസഭാ സാമാജികർക്കായി ഒരു ശില്പശാല സംഘടിപ്പിക്കുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതി സങ്കൽപ്പം - സവിശേഷതകൾ -മുൻകാല തൊഴിൽ പരിപാടികളുമായുള്ള വ്യത്യാസങ്ങൾ-കേരളത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ സാദ്ധ്യതകളും പരിമിതികളും - കേരളം സ്വീകരിച്ച നൂതനമായ മുൻകൈകൾ- ഏറ്റെടുക്കേണ്ടുന്ന വെല്ലുവിളികൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - നിയമ വ്യവസ്ഥകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - സംസ്ഥാനത്തിന്റെ അനുഭവങ്ങൾ എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഗ്രാമവികസന കമ്മീഷണർ ശ്രീ. എ. അജിത്കുമാർ എന്നിവർ വിവിധ സെഷനുകളിലായി വിഷയങ്ങൾ അവതരിപ്പിക്കുന്നു.

ശില്പശാലയുടെ ഉദ്ഘാടനം 2008 സെപ്റ്റംബർ 6-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് ബഹു. നിയമസഭാ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ആദ്ധ്യക്ഷം വഹിക്കുന്ന പ്രസ്തുത ചടങ്ങിൽ ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ആശംസയും കേരള നിയമസഭാ സെക്രട്ടറി ഡോ. എൻ. കെ. ജയകുമാർ സ്വാഗതവും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് കൃതജ്ഞതയും അർപ്പിക്കുന്നതാണ്.

ഡോ.എൻ. കെ.ജയകുമാർ<br>
സെക്രട്ടറി